ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 19.06.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥിതിയിൽ ഗോത്ര വർഗ വിഭാഗത്തിൻറെ സംഭാവന വലുതെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

   Vice President Jagdeep Dhankhar said that tribal society has a huge contribution in India's economy

2. പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ടു ദിവസത്തെ സന്ദർശനത്തിനായി നാളെ ജമ്മു കശ്മീരിലെത്തും;1,500 കോടിയുടെ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

   Prime Minister Narendra Modi will be on a two-day visit to Jammu and Kashmir starting tomorrow;He will inaugurate development projects worth Rs 1,500 crore

3. കുവൈറ്റ് ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തി കേരള നിയമസഭ; തലശ്ശേരി ബോംബ് സ്ഫോടന വിഷയത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ വാക്കൗട്ട്.

   Kerala Assembly condoles Kuwait tragedy; Opposition stagged a walkout  protesting against the denial of permission to adjourn the House for discussing the issue.

4. മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരാമർശിച്ച വിഷയങ്ങൾ രാഷ്ട്ര നിർമാണത്തിനായി പ്രയോജനപ്പെടുത്തണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി

   Union Minister of State Suresh Gopi said that the subjects mentioned by Prime Minister Narendra Modi in Mann Ki Baat should be discussed for nation building.

5. ട്വൻറി-20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ EIGHT മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യമത്സരത്തിൽ അമേരിക്ക ദക്ഷിണാഫ്രിക്കയെ നേരിടും.

   Super EIGHT matches of Twenty20 Cricket World Cup will begin today. In the first match, USA will face South Africa

&&&&&&&&&&&&&&&&&&

## VP-MP VISIT

ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥിതിയിൽ ഗോത്ര വർഗ വിഭാഗത്തിൻറെ സംഭാവന വലുതാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. ഗോത്ര സമൂഹം നമ്മുടെ വ്യക്തിത്വമാണന്നും അദ്ദേഹം പറഞ്ഞു. മധ്യപ്രദേശിലെ ഡിണ്ടൗരിയിൽ അരിവാൾ രോഗ നിവാരണ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അരിവാൾ രോഗ നിവാരണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണന്നും ഉപരാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RE PM NALANDA

2047-ഓടെ ഇന്ത്യയെ വികസിതരാഷ്ട്രമാക്കി മാറ്റുന്നതിൽ വിജ്ഞാനത്തിന് നിർണായക പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിലൂടെ ആഗോളതലത്തിൽ ഇന്ത്യയ്ക്ക് സുശക്തമായ സ്ഥാനം നേടാനാകുമെന്ന് അദ്ദേഹം പറഞ്ഞു. ബിഹാറിൽ രാജ്ഗീറിലെ നാളന്ദ സർവകലാശാലയുടെ പുതുതായി

നിർമിച്ച കാമ്പസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. നാളന്ദ സർവകലാശാല, ഇന്ത്യൻ നവോത്ഥാനത്തിൻറെ പ്രതീകം എന്നതിലുപരി ആഗോള സാംസ്കാരിക പാരമ്പര്യത്തിൻറെ മാതൃകയായാണ് നിലകൊള്ളുന്നതെന്നും രാജ്യത്തിന്റെ പുരാതന പാരമ്പര്യങ്ങളുടെ ധാർമ്മികതയിലാണ് തന്റെ സർക്കാർ പ്രവർത്തിക്കുന്നതെന്നും ശ്രീ മോദി വ്യക്തമാക്കി. വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ, ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, 17 രാജ്യങ്ങളിലെ പ്രതിനിധികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PM - J&K VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടു ദിവസത്തെ ജമ്മു കശ്മീർ സന്ദർശനം നാളെ ആരംഭിക്കും.1,500 കോടി രൂപയുടെ 84 പ്രധാന വികസന പദ്ധതികളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. യുവാക്കളെ ശാക്തീകരിക്കുന്നതിനായി ശ്രീനഗറിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. കേന്ദ്ര സർവീസിൽ ഉദ്യോഗം ലഭിച്ച 2,000 പേർക്കുള്ള നിയമന ഉത്തരുവുകൾ അദ്ദേഹം കൈമാറും. കാർഷിക- അനുബന്ധ മേഖലയിലെ മത്സരക്ഷമത വർധിപ്പിക്കുന്നതിനുള്ള 1,800 കോടി രൂപയുടെ പദ്ധതിക്ക് ശ്രീ മോദി തുടക്കം കുറിക്കും. 10-ാമത് അന്താരാഷ്ട്ര യോഗ ദിനമായ 21ന് യോഗ ദിന പരിപാടിക്ക് നേതൃത്വം നൽകുന്ന പ്രധാനമന്ത്രി ശ്രീനഗറിൽ പൊതുസമൂഹത്തെ അഭിസംബോധന ചെയ്യും .

&&&&&&&&&&&&&&&&&&

## NIYAMASABHA - KUWAIT

കുവൈറ്റ് തീപിടുത്ത ദുരന്തത്തിൽ കേരള നിയമസഭ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബാംഗങ്ങളുടെയും, സുഹൃത്തുക്കളുടെയും ദുഖത്തിൽ പങ്കുചേരുന്നതായും, പരുക്കേറ്റവരെ ആശ്വസിപ്പിക്കുന്നതായും സ്പീക്കർ എ.എൻ ഷംസീർ പറഞ്ഞു. അങ്ങേയറ്റം ദുഃഖകരമായ സംഭവമാണ് കുവൈറ്റിൽ ഉണ്ടായതെന്നും, മരണപ്പെട്ടവരുടെ

ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതായും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മൃതദേഹങ്ങൾ നാട്ടിലെത്തിക്കാനും പരിക്കേറ്റവർക്ക് ചികിത്സ ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏകോപിപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ഫലപ്രദമായി കൈകോർത്തതായും അദ്ദേഹം പറഞ്ഞു. പ്രതിപക്ഷ നേതാവ് വി.ഡി സതീശനും ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## NIYAMASABHA – WALKOUT

തലശ്ശേരി ബോംബ് സ്ഫോടനം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നിയമസഭയിൽ വാക്ക് ഔട്ട് നടത്തി.

വിശദാംശങ്ങളിലേക്ക് .....

(Voice)

തലശ്ശേരി എരഞ്ഞോളിയിൽ സ്റ്റീൽ ബോംബ് പൊട്ടി വൃദ്ധൻ മരിച്ച സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടാണ് പ്രതിപക്ഷത്ത്

നിന്നും സണ്ണി ജോസഫ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. കണ്ണൂരിൽ ബോംബ് നിർമാണത്തിന് നേതൃത്വം നൽകുന്നത് സി പി ഐ എമ്മാണെന്ന് പ്രതിപക്ഷം ആരോപിച്ചു. സംഭവത്തിൽ തെളിവ് നശിപ്പിക്കാനുള്ള ശ്രമം നടന്നതായും ശ്രീ സണ്ണി ജോസഫ്

പറഞ്ഞു. സർക്കാരിൻറെയും പോലീസിൻറെയും ഒത്താശയോടുകൂടി ബോബ് നിർമ്മാണം നടക്കുകയും നിരപരാധികൾ മരിക്കുകയും ചെയ്യുതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപണം ഉന്നയിച്ചു. സംഭവത്തിൽ കേസ് എടുത്ത് ഊർജിത അന്വേഷണം നടന്നു വരുന്നതായി മുഖ്യമന്ത്രി സഭയെ അറിയിച്ചു. കുറ്റക്കാരായ 15 പേരെയും അറസ്റ്റ് ചെയ്ത് ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചതായും മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ വ്യക്തമാക്കി.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&&&

## MAN KI BAAT QUIZ

മൻ കി ബാത്ത് ജില്ലാതല ക്വിസ് പരിപാടിയുടെ മൂന്നാം സീസൺ മത്സരങ്ങളും വായനാദിനാചരണവും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരാമർശിച്ച വിഷയങ്ങൾ രാജ്യ നിർമാണത്തിന് പ്രയോജനപ്പെടുത്താൻ സാധിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ദേശീയ വായന ദിനത്തിന്റെ ഭാഗമായി സ്കൂളിൽ ഒരുക്കിയ പ്രദർശനം കേന്ദ്ര സഹമന്ത്രി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ശ്രദ്ധിക്കപ്പെടാത്ത പല കാര്യങ്ങളും മൻ കി ബാത്തിൽ പ്രധാനമന്ത്രി പരാമർശിച്ചതിലൂടെ ലോക ശ്രദ്ധ നേടിയതായി മുഖ്യപ്രഭാഷണം നടത്തിയ മുൻ കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## KARNATAKA-MoS VISIT

ഐഎസ്ആർഒ ചെയർമാൻ എസ് സോമനാഥുമായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി കൂടിക്കാഴ്ച നടത്തി. കേരളത്തിലെ മുല്ലപ്പെരിയാർ, ഇടുക്കി ഡാമുകളുമായി ബന്ധപ്പെട്ടുണ്ടാകാനിടയുള്ള വെള്ളപ്പൊക്ക സാധ്യത വിലയിരുത്തുന്നതിന് ബഹിരാകാശ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ബംഗളൂരുവിൽ ചർച്ച നടത്തി. വെള്ളപ്പൊക്ക സാധ്യത വിലയിരുത്തുന്നതിനായി ബഹിരാകാശ സാങ്കേതിക വിദ്യയുടെ സഹായത്താൽ തയ്യാറാക്കുന്ന പ്രാദേശിക ഭൂരേഖാ വിവരങ്ങൾ കൈമാറുമെന്ന് ഐഎസ്ആർഒ ചെയർമാൻ ഉറപ്പു നൽകി.

&&&&&&&&&&&&&&&&&&

## US-DELEGATION MEET

ടിബറ്റൻ മതനേതാവ് ദലൈ ലാമയെ ഹിമാചൽ പ്രദേശിലെ മെക്ലോഡ്ഗഞ്ചിലെ വസതിയിൽ സന്ദർശിച്ച് അമേരിക്കൻ ജനപ്രതിനിധിസഭാ മുൻ സ്പീക്കർ

നാൻസി പെലോസി, വിദേശകാര്യ കമ്മിറ്റി ചെയർമാൻ മൈക്കിൾ മെഖൂൾ ഉൾപ്പെട്ട യുഎസ് പ്രതിനിധി സംഘം. ശേഷം ദലൈ ലാമ ക്ഷേത്രത്തിൽ ടിബറ്റൻ സർക്കാർ സംഘടിപ്പിച്ച സാംസ്കാരിക പരിപാടിയിലും സംഘം പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## NATO - INDO-PACIFIC COOPERATION

ഇൻഡോ-പസഫിക് മേഖലയിലെ പങ്കാളികളും പാശ്ചാത്യ സൈനിക സഖ്യവും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടൻബെർഗ്. വാഷിംഗ്ടണിൽ യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനുമായി നടത്തിയ സംയുക്ത പത്രസമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. റഷ്യൻ പ്രസിഡന്റ് വ്ളാഡിമർ പുടിന്റെ ഉത്തരകൊറിയൻ സന്ദർശനത്തോട് പിന്നാലെയാണ് പ്രസ്താവന.

&&&&&&&&&&&&&&&&&&

## JOE BIDEN

അമേരിക്കൻ പൗരന്മാരുടെ ജീവിത പങ്കാളികൾക്ക് പൗരത്വം അനുവദിക്കുന്നതിന് പുതിയ പദ്ധതി പ്രഖ്യാപിച്ച് യുഎസ് പ്രസിഡൻറ് ജോ ബൈഡൻ. യു.എസ് പൗരനെ വിവാഹം കഴിച്ച്, കുറഞ്ഞത് 10 വർഷമായി രാജ്യത്ത് കഴിയുന്ന ജീവിത പങ്കാളികൾക്കും കുട്ടികൾക്കും രാജ്യത്ത് സ്ഥിരതാമസത്തിന് അനുമതി നൽകുന്നതാണ് പദ്ധതി. രാജ്യത്ത് നിയമപരമായ പദവി ഇല്ലാതെ കഴിയുന്ന അഞ്ച് ലക്ഷത്തിലേറെപ്പേർക്ക് ഈ പ്രഖ്യാപനം ആശ്വാസമാകും.

&&&&&&&&&&&&&&&&&&

## TWENTY -20

ട്വൻറി-20 ക്രിക്കറ്റ് ലോകകപ്പ് സൂപ്പർ EIGHT മത്സരങ്ങൾക്ക് ഇന്ന് തുടക്കം. രാത്രി എട്ട് മണിക്ക്, അമേരിക്കയും ദക്ഷിണാഫ്രിക്കയും തമ്മിലാണ് ആദ്യ മത്സരം. നാളെ നടക്കുന്ന മത്സരങ്ങളിൽ ഇന്ത്യ അഫ്ഗാനിസ്ഥാനെയും, ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസിനെയും നേരിടും. ഈ റൗണ്ടിലെ എല്ലാ

മത്സരങ്ങളും വെസ്റ്റ് ഇൻഡീസിലാണ് നടക്കുക. ഈ മാസം 29-ന് ബാർബഡോസിലാണ് ട്വന്റി-20 ലോകകപ്പ് ഫൈനൽ.

&&&&&&&&&&&&&&&&&&

## WOMENS CRICKET- 2ND ODI

ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടക്കുന്ന ഇന്ത്യ - ദക്ഷിണാഫ്രിക്ക വനിത ക്രിക്കറ്റ് ഏകദിന പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് 326 റൺ വിജയലക്ഷ്യം. ടോസ് നേടിയ ദക്ഷിണാഫ്രിക്ക ഇന്ത്യയെ ബാറ്റിംഗിന് അയക്കുകയായിരുന്നു. മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 33 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 167റൺ എന്ന നിലയിലാണ്. ഞായറാഴ്ച നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ 143 റൺസിന് പരാജയപ്പെടുത്തിയിരുന്നു . ഏകദിന പരമ്പരയിലെ അവസാന മത്സരം ഈ മാസം 23-ന് നടക്കും.

&&&&&&&&&&&&&&&&&&

## KEJRIWAL - CUSTODY

ഡൽഹി മദ്യ നയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെയും മറ്റൊരു പ്രതി വിനോദ് ചൗഹാന്റെയും ജുഡീഷ്യൽ കസ്റ്റഡി ജൂലൈ 3 വരെ ഡൽഹി കോടതി നീട്ടി. ഇരുവരുടെയും ജുഡീഷ്യൽ കസ്റ്റഡി കാലാവധി അവസാനിച്ചതിനെ തുടർന്ന് തീഹാർ ജയിലിൽ നിന്ന് വീഡിയോ കോൺഫറൻസ് വഴിയാണ് ഇരുവരെയും കോടതിയിൽ ഹാജരാക്കിയത്.

&&&&&&&&&&&&&&&&&&

## Criminal Laws

പുതിയ ക്രിമിനൽ നിയമങ്ങളായ ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനിയം എന്നിവ അടുത്ത മാസം ഒന്നു മുതൽ പ്രാബല്യത്തിൽ വരും. പുതിയ ക്രിമിനൽ നിയമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഏകീകൃതമാക്കുന്നതിൻറെ ഭാഗമായി ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ എൻസിആർബി സംഗലൻ ഓഫ്

ക്രിമിനൽ ലോസ് എന്ന മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി. ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ ആപ്പ് സ്റ്റോറിലും ആപ്പ് ലഭ്യമാകും.

&&&&&&&&&&&&&&&&&&

**Yoga Day - CBC**

അന്താരാഷ്ട്ര യോഗാദിനാചരണത്തോടനുബന്ധിച്ച് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നു. *യോഗ നമുക്കും സമൂഹത്തിനും* എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയുള്ള സംയോജിത ബോധവൽക്കരണ പരിപാടി നാളെ പേരൂർക്കട കേന്ദ്രീയ വിദ്യാലയയിലും, മറ്റന്നാൾ തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിലും നടക്കും. കൊല്ലം ശ്രീനാരായണ വനിതാ കോളജും കൊല്ലം നാഷനൽ ആയുഷ് മിഷനുമായി ചേർന്ന് നാളെ വെബിനാറും സംഘടിപ്പിക്കും. സിബിസി പാലക്കാട് യൂണിറ്റിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന യോഗാ ദിനാചരണ പരിപാടി മറ്റന്നാൾ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കും.

&&&&&&&&&&&&&&&&&&

**IMD-KERALA**

കേരളത്തിൽ കാലവർഷം ശക്തമാകുന്നു. ഒൻപത് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി. മറ്റന്നാൾ മുതൽ കേരളതീരത്ത് പടിഞ്ഞാറൻ കാറ്റ് ശക്തമാകുന്നതിനാൽ, ഒറ്റപ്പെട്ട അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മറ്റന്നാൾ ഓറഞ്ച് ജാഗ്രത നൽകി. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഈ മാസം 23 വരെ മത്സ്യബന്ധനത്തിന് പോകരുതെന്നാണ് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

&&&&&&&

&&&